## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 158

04.11.2019 - ൽ മറുപടിക്ക്.

## പൊതുവിതരണ സമ്പ്രദായത്തിൽ സുതാര്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>,, എസ്.രാജേന്ദ്രൻ<br>,, എസ്.ശർമ്മ<br>,, മുരളി പെരുനെല്ലി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിപുലീകരിക്കുന്നതിനും റേഷൻ കടകൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ ശബരി ഉല്പന്നങ്ങൾ റേഷൻ കട വഴി വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിപുലീകരണം, റേഷൻ കടകളിലെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം, വ്യാപാരികളുടെ വരുമാന വർദ്ധനവ് എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട്, സംസ്ഥാനത്തെ റേഷൻ കടകളിലൂടെ സപ്ലൈകോയുടെ ശബരി ബ്രാന്റിലുള്ള ഉൽപ്പന്നങ്ങളും കുടിവെള്ളവും വിൽപ്പന നടത്തുന്ന പദ്ധതിക്ക്, കൊട്ടാരക്കര, കരുനാഗപ്പള്ളി താലൂക്കുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിക്കുകയും അത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് മറ്റ് താലൂക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് താൽപ്പര്യവും അതിനുള്ള ഭൗതിക സാഹചര്യവും ഉള്ള റേഷൻ വ്യാപാരികളിൽ നിന്ന് ആവശ്യകതയ്ക്ക് അനുസരിച്ചാണ് വിതരണം നടത്തി വരുന്നത്. |
| (ബി) സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പാക്കിയിട്ടും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ലെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ; സോഷ്യൽ ആഡിറ്റ് പ്രാവർത്തികമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കിയിട്ടും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ലെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇ-പോസ് മുഖാന്തരവും അല്ലാതെയുമുള്ള പരിശോധനകൾ എല്ലാ മാസവും എല്ലാ താലൂക്കുകളിലും കൃത്യമായി നടത്തിവരുന്നുണ്ട്. ഇപ്രകാരം സിവിൽ സപ്ലൈസ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയ റേഷൻ ഡിപ്പോ ലൈസൻസികളിൽ നിന്നും 03/2018 മുതൽ നാളിതുവരെ 4,35,951/- രൂപ സർക്കാരിലേക്ക് കണ്ടു കെട്ടുകയും 41 റേഷൻ ഡിപ്പോകളുടെ അംഗീകാരം താത്കാലികമായി റദ്ദ് ചെയ്യുകയും ക്രമക്കേടുകൾ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടത്തി ഉചിതമായ ശിക്ഷാ നടപടികൾ കെ.ആർ.ഒ അനുശാസിക്കും പ്രകാരം നടത്തിവരുകയും ചെയ്യുന്നുണ്ട്. |

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് Tata Institute of Social Sciences (TISS) ന്റെ സഹായത്തോടെ നടത്തിയിട്ടുണ്ട്. ടി പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 107, 114, 116, 77 എന്നീ റേഷൻകടകളിലാണ് നടത്തിയത്. സംസ്ഥാന വ്യാപകമായിട്ടുള്ള സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) പൊതുവിതരണ സമ്പ്രദായത്തിൽ (സി) സുതാര്യത ഉറപ്പുവരുത്താനായി ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 16-ാം വകുപ്പിലെ (1) ഉം (2) ഉം ഉപവകുപ്പുകളും കേരളാ ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018-ന്റെ 31 ഉം 39 ഉം ചട്ടങ്ങളും പ്രകാരം 17.07.2019-ലെ G.O.(P) No. 15/2019/F&CSD ഉത്തരവിലൂടെ S.R.O.No. 516/2019 വിജ്ഞാപനം മുഖേന സംസ്ഥാന ഭക്ഷ്യ കമ്മിഷൻ രൂപീകരിച്ചു. ശ്രീ. കെ.വി. മോഹൻകുമാർ. ഐ.എ.എസ് (റിട്ട) ചെയർപേഴ്സനും, സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗങ്ങളായി

1. ശ്രീ. വി. രമേശൻ (പട്ടികജാതി വിഭാഗം)
2. ശ്രീമതി എം. വിജയലക്ഷ്മി (പട്ടികവർഗ്ഗ വിഭാഗം)
3. അഡ്വ. ബി. രാജേന്ദ്രൻ (പൊതുവിഭാഗം)
4. ശ്രീ. കെ. ദിലീപ്കുമാർ (പൊതുവിഭാഗം)
5. ശ്രീമതി പി. വസന്തം (വനിതാ വിഭാഗം)

എന്നിവരും മെമ്പർ സെക്രട്ടറി ശ്രീമതി ശ്രീജ. കെ.എസ് ഉം അടങ്ങുന്നതാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

സെക്ഷൻ ഓഫീസർ